# ആറ്റുകാൽ ഭഗവതിക്ഷേത്രം ട്രസ്റ്റ്
ആറ്റുകാൽ, തിരുവനന്തപുരം-9

നമ്പർ.ഇ3/4060/2024/എബിറ്റിറ്റി/ 352

തീയതി : 24.01.2025

## ക്ഷേത്രാവശ്യത്തിലേയ്ക്ക് പേപ്പർ കണ്ടെയ്നറുകളിൽ അരവണ നിറച്ച് സീൽ ചെയ്ത് നൽകുന്നതിനുള്ള ക്വട്ടേഷൻ പരസ്യം

ആറ്റുകാൽ ഭഗവതി ക്ഷേത്രത്തിൽ 2025 പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് പേപ്പർ കണ്ടെയ്നറുകളിൽ പാകം ചെയ്തു വച്ചിരിക്കുന്ന അരവണ നിറച്ച് സീൽ ചെയ്ത് നൽകുന്നതിനുള്ള അവകാശത്തിന് പരിചയ സമ്പന്നരായ സ്ഥാപനങ്ങളിൽ നിന്നും മുദ്രവച്ച ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു. പ്രസ്തുത കണ്ടെയ്നറുകൾ രാസപ്രവർത്തനങ്ങൾ (കെമിക്കൽ കണ്ടാമിനേഷൻ) ഉണ്ടാകാത്തതും, ദേവിയുടെ എംബ്ലവും, ക്ഷേത്രത്തിന്റെ പേരും മുദ്രണം ചെയ്തതുമായിരിക്കണം. സാമ്പിൾ ഹാജരാക്കേണ്ടതാണ്. ക്ഷേത്രം തുറന്നിരിക്കുന്ന സമയത്ത് തിടപ്പള്ളി സ്റ്റോറിൽ നിന്നും സാമ്പിളുകൾ പരിശോധിക്കാവുന്നതാണ്. ക്ഷേത്രത്തിൽ നിന്നും നിർദ്ദേശിക്കുന്ന സമയത്ത് മെഷീനും കണ്ടെയ്നറുകളും കൊണ്ടു വന്ന് വൃത്തിയായി പാകം ചെയ്ത അരവണ പാക്ക് ചെയ്ത് നൽകേണ്ടതാണ്. ജി.എസ്.റ്റി. ഉൾപ്പെടെ ഒരു ടിന്നിനുള്ള നിരക്ക് രേഖപ്പെടുത്തിയിരിക്കണം.

ക്വട്ടേഷൻ തുക ലെറ്റർ പാഡിൽ എഴുതി, കവറിനു പുറത്ത് "**പേപ്പർ കണ്ടെയ്നറുകളിൽ അരവണ നിറച്ച് സീൽ ചെയ്ത് നൽകുന്നതിനുള്ള ക്വട്ടേഷൻ** " എന്നെഴുതി "സെക്രട്ടറി, ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്, ആറ്റുകാൽ, തിരുവനന്തപുരം-9" എന്ന മേൽവിലാസത്തിൽ 07.02.2025 വെള്ളിയാഴ്ച വൈകുന്നേരം 3.00 മണിയ്ക്കു മുമ്പായി ലഭിക്കേണ്ടതാണ്. അന്നേ ദിവസം വൈകുന്നേരം 4.00 മണിക്ക് സന്നിഹിതരായിട്ടുള്ള ക്വട്ടേഷൻകാരുടെ സാന്നിദ്ധ്യത്തിൽ ലഭിച്ച ക്വട്ടേഷനുകൾ തുറക്കുന്നതാണ്. ക്വട്ടേഷനെ സംബന്ധിച്ചുള്ള എല്ലാ ട്രസ്റ്റ് നിയമങ്ങളും ഈ ക്വട്ടേഷനും ബാധകമാണ്. വിശദ വിവരങ്ങൾ ട്രസ്റ്റാഫീസിൽ നിന്നും പ്രവൃത്തി സമയങ്ങളിൽ അറിയാവുന്നതാണ്.

ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റിനു വേണ്ടി

സെക്രട്ടറി

നോട്ടീസ് ബോർഡ്:
1. ക്ഷേത്രം
2. ആഫീസ്
3. വെബ് സൈറ്റ്

പകർപ്പ്: പ്രസിഡന്റ്, എബിറ്റിറ്റി
കൺവീനർ, ക്രയവിക്രയ കമ്മിറ്റി, എബിറ്റിറ്റി
ഫയൽ

sr